"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- പോലീസ് ഇൻസ്പെക്ടർ ശ്രീ.മഞ്ജിത് ലാൽ.പി.എസ്.ന് എറണാകുളം സെൻട്രൽ പോലീസ് ക്വാർട്ടേഴ്സ് നം. X-6 ൽ തുടർ താമസത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ഡി)വകുപ്പ്**

സ.ഉ.(സാധാ) നം.1898/2026/HOME തീയതി,തിരുവനന്തപുരം, 02-06-2026

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 18.04.2026 തീയതിയിലെ H14-71534/2026/PHQ നമ്പർ കത്ത്.

**ഉത്തരവ്**

പോലീസ് ഇൻസ്പെക്ടർ ശ്രീ.മഞ്ജിത് ലാൽ.പി.എസ്. എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ജോലി നോക്കി വരവേ, കൊച്ചി സിറ്റിയിലെ എറണാകുളം സെൻട്രൽ പോലീസ് ക്വാർട്ടേഴ്സ് നം. X-6 അനുവദിച്ചിരുന്നു. തുടർന്ന് ടിയാന് സ്ഥലംമാറ്റമായപ്പോൾ, 31.03.2026 വരെ പ്രസ്തുത ക്വാർട്ടറിൽ തുടർ താമസത്തിന് അനുമതി നൽകി. എന്നാൽ ശ്രീ. മഞ്ജിത് ലാൽ. പി.എസ്. ഫിഷറീസ് വകുപ്പിൽ ഡെപ്യൂട്ടേഷനിൽ പോയതിനാൽ ടിയാൻ വീണ്ടും തുടർ താമസത്തിനായി അപേക്ഷിച്ചതായും ഇപ്പോൾ പ്രസ്തുത ക്വാർട്ടേഴ്സിൽ അപേക്ഷകളൊന്നും തന്നെ പെൻഡിംഗ് ഇല്ലായെന്നും, ആയതിനാൽ 01.04.2026 മുതൽ 31.03.2027 വരെ തുടർതാമസം അനുവദിക്കാമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം പ്രകാരം ശിപാർശ ചെയ്തു.

മേൽ വിഷയം സർക്കാർ പരിശോധിച്ചു. പരാമർശത്തിലെ ശിപാർശ പ്രകാരം പോലീസ് ഇൻസ്പെക്ടർ ശ്രീ.മഞ്ജിത് ലാൽ.പി.എസ്.ന് (പെൻ നം. 580845) കൊച്ചി സിറ്റിയിലെ എറണാകുളം സെൻട്രൽ പോലീസ് ക്വാർട്ടേഴ്സ് നം. X-6 ൽ, മറ്റ് അർഹതപ്പെട്ട അപേക്ഷകർ വന്നാൽ ക്വാർട്ടേഴ്സ് ഒഴിഞ്ഞ് നൽകണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, 01.04.2026 മുതൽ 31.03.2027 വരെ തുടർ താമസത്തിന്

അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ ടി വി
അണ്ടർ സെക്രട്ടറി

1.സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം.
2.കമ്മീഷണർ പോലീസ്, കൊച്ചി സിറ്റി
3.ശ്രീ.മഞ്ജിത് ലാൽ. പി.എസ്. ഐ പി(കമ്മീഷണർ പോലീസ്, കൊച്ചി സിറ്റി മുഖേന)
4.ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ, ഐ& പി ആർ ഡി
5.കരുതൽ ഫയൽ(HOME-D3/86/2026-HOME )

ഉത്തരവിൻ പ്രകാരം
Signed by
Santhosh Mon T
Date: 02-06-2026 15:35:35
സെക്ഷൻ ഓഫീസർ